# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ 38 | 24-01-2018 - ൽ മറുപടിയ്ക്ക് |
|---|---|

**ചരക്കു സേവന നികുതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. പി.വി. അൻവർ | | ഡോ. ടി.എം തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ഏകീകൃത കമ്പോളം സൃഷ്ടിച്ച് സുഗമ വ്യാപാരം ലക്ഷ്യമിട്ട് നടപ്പിലാക്കിയ ചരക്കു സേവന നികുതി ചെറുകിട നിർമ്മാതാക്കളെ ഏതു തരത്തിൽ ബാധിച്ചെന്ന് അറിയിക്കാമോ; | (എ) | ജി.എസ്.ടി നടപ്പിലാക്കുന്നതിന് മുമ്പ് ഭൂരിഭാഗം ചെറുകിട നിർമ്മാതാക്കളും 4 ശതമാനം കോമ്പൗണ്ടിംഗ് നികുതി നിരക്കിലാണ് വാറ്റ് നികുതി അടച്ചിരുന്നത്. എന്നാൽ ഇതിനുപുറമേ കെട്ടിട നിർമ്മാണ സാമഗ്രികൾ വാങ്ങുമ്പോൾ നൽകുന്ന 14.5 ശതമാനം നികുതിക്ക് അവർക്ക് ക്രെഡിറ്റ് ലഭ്യമായിരുന്നില്ല. ചില പ്രവൃത്തികൾക്ക് സേവന നികുതിയും നൽകേണ്ടിയിരുന്നു. എന്നാൽ ജി.എസ്.ടി നടപ്പിലായപ്പോൾ സർക്കാർ കരാറുകൾക്ക് 12 ശതമാനം ജി.എസ്.ടി.യും അല്ലാത്തതിന് 18 ശതമാനം നികുതി നിരക്കുമാണ്. ഇന്ത്യയിൽ എവിടെ നിന്ന് സാധനം വാങ്ങിയാലും ഇൻപുട്ട് ടാക്സ് ക്രെഡിറ്റും ലഭ്യമാണ്. ഇതെല്ലാം പരിഗണിക്കുമ്പോൾ ജി.എസ്.ടി ചെറുകിട നിർമ്മാതാക്കളെ ദോഷമായി ബാധിച്ചെന്നു പറയാൻ സാധ്യമല്ല. കൂടാതെ സർക്കാർ കരാർ പണികൾക്കുൾപ്പെടെ അവർക്ക് നികുതി പിരിക്കുവാനുള്ള അവസരവുമുണ്ട്. |
| (ബി) | കരാർ പണികൾക്ക് ജി.എസ്.ടി ഏതുവിധത്തിൽ ബാധകമാകുന്നെന്നും ജി.എസ്.ടി കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേതുൾപ്പെടെയുള്ള കരാർ പണികൾ സ്തംഭിച്ചിരിക്കുന്നത് ഒഴിവാക്കാൻ എടുത്ത നടപടികൾ എന്തൊക്കെയാണെന്നും അിറയിക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ കരാർ പണികൾക്ക് തുടക്കത്തിൽ ഉണ്ടായിരുന്ന 18 ശതമാനം നികുതി നിരക്ക് 12 ശതമാനമായി കുറച്ചിട്ടുണ്ട്. എന്നാൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് 18 ശതമാനം നികുതി നിരക്കാണ്. ജി.എസ്.ടി നടപ്പിലാക്കുന്നതിന് മുൻപ് ഏറ്റെടുത്ത കരാറുകൾ വാറ്റ് നിരക്കിൽ കരാറുറപ്പിച്ചതിനാൽ ആ നിരക്കിൽ നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്ന് കാണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാർ പരാതി നൽകിയിരുന്നു. ആയതിനെപ്പറ്റി ഒരു സമിതിയെക്കൊണ്ട് പരിശോധിപ്പിക്കുകയും അതിൽ കഴമ്പുണ്ടെന്നു കണ്ട് ചിലതരം പ്രവൃത്തികൾക്ക് കരാർ തുക പരമാവധി 5 ശതമാനം |

| | | | |
|---|---|---|---|
| | | | വരെ ഉയർത്തി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ നികുതി ഉൾപ്പെടാത്ത സാമഗ്രി വിലകളിൽ അവതയ്യാറാക്കി 12 ശതമാനം ജി.എസ്.ടി ചേർക്കുകയാണ് വേണ്ടതെന്നു സ്പഷ്ടീകരി ച്ചിട്ടുണ്ട്. |
| (സി) | കയറ്റുമതി മേഖലയെ ജി. എസ്.ടി പ്രതികൂലമായി ബാധി ച്ചിരിക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെ ല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | പൂർണ്ണമായ ജി.എസ്.ടി റിട്ടേൺ ഫയലിംഗ് പ്രവർത്തനക്ഷമമാകാത്തതിനെ തുടർന്ന് കയറ്റുമതിക്കാർക്ക് അധികരിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള റീഫണ്ട് ലഭ്യമാകു ന്നതിന് കാലതാമസമുണ്ടായി. റീഫണ്ടി നുള്ള കാലതാമസം കയറ്റുമതിക്കാരുടെ ബിസിനസിനെ പ്രതികൂലമായി ബാധിക്കു ന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കൂടു തൽ പരിശോധനയില്ലാതെ അവരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ റീഫണ്ട് നൽകുന്നതിന് കേന്ദ്രത്തിന്റെ ഭാഗ ത്തുനിന്ന് സി.ബി.ഇ.സി സർക്കുലർ 17/2017 പുറപ്പെടുവിക്കുകയും കേരളം 01/2018, 02/2018 സർക്കുലറുകൾ പുറപ്പെടുവിക്കുക യുമുണ്ടായി. കൂടാതെ കയറ്റുമതിയ്ക്ക് ഐ. ജി.എസ്.ടി അടയ്ക്കാതെ ലെറ്റർ ഓഫ് അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ കയ റ്റുമതി ചെയ്യാനുമുള്ള ചട്ടഭേദഗതി കൊണ്ടു വന്നു. ഇതിനെ തുടർന്ന് കയറ്റുമതി മേഖല യിലുണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരി ക്കാൻ കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**